● പ്രതികരണം

# ഹാറൂൻ യഹ്‌യയും അന്ത്യദൂതനും – വിമർശനത്തിനു മറുപടി

ഏതാനും മാസം മുമ്പ് (വാള്യം: 13, ലക്കം:2) 'ബോധനം' പ്രസിദ്ധീകരിച്ച 'ഖാദിയാനികൾ, റശാദ് ഖലീഫ, ഹാറുൻ യഹ്‌യാ – അന്ത്യപ്രവാചകനും അന്ത്യദൂതനും' എന്ന കെ.കെ ആലിക്കോയ സാഹിബിന്റെ ലേഖനത്തിനുള്ള ഒരു പ്രതികരണമാണ് ഈ കുറിപ്പ്. അദ്ദേഹത്തിന്റെ ലേഖനത്തിൽ, ഇസ്‌ലാമിന് വേണ്ടി ഒരുപാട് സേവനങ്ങൾ ചെയ്തിട്ടുള്ള മഹദ് വ്യക്തിയായ ഹാറൂൻ യഹ്‌യ, മുഹമ്മദ് നബി(സ) അന്ത്യപ്രവാചകനാണ്, പക്ഷെ അദ്ദേഹം അന്ത്യദൂതനാണെന്നു വിശ്വസിക്കുന്നില്ല എന്നാണു പറഞ്ഞത്. പക്ഷെ ഇത് വസ്തുതയല്ല. ഹാറുൻ യഹ്‌യ, മുഹമ്മദ് നബി(സ) അന്ത്യദൂതനാണെന്നു തന്നെയാണ് വിശ്വസിക്കുന്നത്. 3 വർഷങ്ങൾക്കുമുമ്പ് പാകിസ്താനിലെ ബറേൽവികൾ ഇതേ ആരോപണമുന്നയിച്ചിരുന്നു.. അന്ന് ഹാറൂൻ യഹ്‌യായുടെ വെബ്സൈറ്റിൽ അതിനുള്ള വ്യക്തമായ മറുപടി നൽകിയിരുന്നു.. ഹാറൂൻ യഹ്‌യ നൽകിയ മറുപടി താഴെ കൊടുക്കുന്നു:

The term "messenger" used while referring to the coming of the blessed Mahdi is not meant in the sense of "prophet." As revealed in the verse "… [Muhammad is] the Messenger of Allah and the Final Seal of the Prophets" (Surat al-Ahzab, 40) our Prophet Muhammad (saas) is the final prophet sent by Allah to mankind.

The term "messenger" used in reference to the blessed Mahdi, who we are told will appear in the End Times, is employed in the sense of "communicator of the word," as revealed in the Qur'an. In the Qur'an, each and every Muslim is held responsible for performing this duty of communicating Allah's word. In this sense, therefore, every Muslim is a messenger of Allah. Like all Muslims, the blessed Mahdi is in the position of a communicator carrying out that duty. He calls on people to display excellent moral virtues, admonishes with the Qur'an, and tells them things about the Qur'an of which they are unaware. He is a means by which Islamic moral values will come to prevail on Earth and will assume the spiritual leadership of all Muslims.

However, the role of messenger to be assumed by the blessed Mahdi is not one bestowed by way of revelation. He is not the role of messenger revealed by Divine revelation, but of communication of the word of Allah. It is in any case impossible for anyone to claim that he is a revelation-based messenger in the Qur'anic sense unless it is revealed by Allah. Since it will not be so revealed, and since no other Divine Book will be sent down after the Qur'an, such a thing is completely out of the question.

But every Muslim is a messenger in the sense of being a communicator of the word. The word "messenger," meaning "an envoy who preaches the faith of Allah," can also be used to refer to the blessed Mahdi in that sense. Like all Muslims, the blessed Mahdi is a messenger of Allah charged with preaching the message of the Qur'an. He is one who tells people of Allah and the Qur'an. In that sense, the blessed Mahdi may be referred to as a messenger, in the same way as all other Muslims. (16 june 2008)

'മഹ്ദിയുടെ വരവിനെ സൂചിപ്പിക്കാൻ 'ദൂതൻ' എന്ന വാക്ക് 'പ്രവാചകൻ' എന്ന അർത്ഥത്തിലുള്ള ദൂതൻ അല്ല. ഖുർആനിൽ പറയുന്നു: 'അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അന്തിമനുമാകുന്നു' (അഹ്സാബ്:40). നമ്മളിലേക്ക് അല്ലാഹു അയച്ച അവസാനത്തെ പ്രവാചകനാണ് മുഹമ്മദ് നബി(സ). (ദൂതൻ) എന്ന വാക്ക് മഹ്ദിയെക്കുറിച്ച് പരാമർശിച്ചത് 'പ്രബോധകൻ' എന്ന അർത്ഥത്തിലാണ്. എല്ലാ മുസ്‌ലിമിനും അല്ലാഹുവിന്റെ വചനം പ്രചരിപ്പിക്കുക എന്ന ഉത്തരവാദിത്വം ഉണ്ട്. അതിനാൽ തന്നെ, മഹ്ദി മാത്രമല്ല എല്ലാ മുസ്‌ലിമും ഈ അർത്ഥത്തിൽ അല്ലാഹുവിന്റെ ദൂതനാണ്. എല്ലാ മുസ്‌ലിംകളെ പോലെ അല്ലാഹുവിന്റെ സന്ദേശം പ്രചരിപ്പിക്കുക എന്ന ഉത്തരവാദിത്വം മഹ്ദിക്കും ഉണ്ട്. മഹ്ദി ധാർമികതയിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ഖുർആൻ കൊണ്ട് താക്കീത് നൽകുകയും ഖുർആനെപ്പറ്റി ജനങ്ങൾക്ക് പഠിപ്പിച്ചുകൊടുക്കുകയും ചെയ്യും. അദ്ദേഹത്തിലൂടെ ലോകത്ത് ധാർമികത സ്ഥാപിതമാവുകയും അദ്ദേഹം ലോകത്തിന്റെ ആത്മീയ നേതൃത്വം ഏറ്റെടുക്കുകയും ചെയ്യും.

എന്നിരുന്നാൽ വഹ്‌യ് മൂലം അനുഗൃഹീതനായ

ഒരു ദൂതനാണ് എന്ന അർത്ഥത്തിലല്ല മഹ്ദിയെക്കുറിച്ച് ദൂതൻ എന്ന് ഉപയോഗിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ വചനം പ്രചരിപ്പിക്കുന്ന വ്യക്തി എന്ന അർത്ഥത്തിലാണ്. അദ്ദേഹം വഹ്യ് ലഭിക്കുന്ന ഒരു ദൂതൻ ആണെന്ന് ഒരു നിലക്കും പറയാൻ പറ്റില്ല (ഖുർആനിൽ അല്ലാഹു അങ്ങനെ പറഞ്ഞെങ്കിലല്ലാതെ).

ഖുർആനിൽ അങ്ങനെ പറയാത്തത് കൊണ്ടും ഖുർആന് ശേഷം മറ്റു വേദഗ്രന്ഥം അവതരിക്കാത്തത് കൊണ്ടും അത്തരത്തിലുള്ള ഒരു ചിന്ത പോലും തികച്ചും അസ്ഥാനത്താണ്. പക്ഷെ ഒരു പ്രബോധകൻ എന്ന നിലയിൽ എല്ലാ മുസ്‌ലിംകളും അല്ലാഹുവിന്റെ ദൂതനാണ്. അതിനാൽ 'ദൂതൻ' എന്ന പദം മറ്റു മുസ്‌ലിംകൾക്കെന്ന പോലെ മഹ്ദിക്കും ഉപയോഗിക്കാവുന്നതാണ്.

മുകളിൽ കൊടുത്ത ഹാറൂൻ യഹ്‌യയുടെ വിശദീകരണം ലേഖകന്റെയും ബറേൽവികളുടെയും വിമർശനത്തെ ആകെത്തന്നെ നിരാകരിക്കുന്നതാണ്. വായനക്കാർക്ക് ഹാറൂൻ യഹ്‌യായെക്കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കപ്പെട്ടു എന്ന് വിശ്വസിക്കുന്നു.

ഈ വിഷയത്തിൽ ഇനിയും സംശയമുണ്ടെങ്കിൽ ഹാറൂൻ യഹ്‌യയുടെ THE EXEMPLARY LIFE OF THE PROPHET MUHAMMAD എന്ന പുസ്തകത്തിൽ പറയുന്നത് കാണുക:

God commands His messengers to maintain justice among people. The Prophet Muhammad (pbuh), the last messenger, started to spread the religion of Islam in Mecca

'അല്ലാഹു അവന്റെ ദൂതന്മാരോട് ജനങ്ങൾക്കിടയിൽ നീതിപൂർവ്വം വർത്തിക്കാൻ കൽപ്പിച്ചു. മുഹമ്മദ് നബി(സ), അവസാനത്തെ ദൂതൻ ദീനുൽ ഇസ്‌ലാം മക്കയിൽ പ്രചരിപ്പിക്കാൻ തുടങ്ങി.

ഇത്രയും പറഞ്ഞതിന്റെ രത്നച്ചുരുക്കം ഇതാണ്:

1) മഹ്ദി അല്ലാഹുവിന്റെ റസൂൽ ആണെന്ന് ഹാറൂൻ യഹ്‌യ പറഞ്ഞത് വഹ്യ് കിട്ടുന്ന റസൂൽ അഥവാ പ്രവാചകൻ എന്ന അർത്ഥത്തിൽ അല്ല. നേരെ മറിച്ച് അല്ലാഹുവിന്റെ സന്ദേശം പ്രചരിപ്പിക്കുന്ന വ്യക്തി എന്ന അർത്ഥത്തിലാണ്. ഈ അർത്ഥത്തിൽ എല്ലാ പ്രബോധകരും അല്ലാഹുവിന്റെ റസൂൽ തന്നെയാണ്. പ്രത്യേകിച്ചും മഹ്ദി. അദ്ദേഹം ഇസ്‌ലാമിനെ തനതായ രൂപത്തിൽ ജനങ്ങൾക്ക് മുന്നിൽ ഇസ്‌ലാമിന്റെ ശരിയായ വ്യാഖ്യാനം അവതരിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന വ്യക്തി എന്ന അർത്ഥത്തിലാണ്.

2) ആലിക്കോയ സാഹിബ് അദ്ദേഹത്തിന്റെ പുസ്തകത്തിലെ വരികളിൽ പിടിച്ചു തൂങ്ങുകയാണ് ചെയ്തത് എന്നതാണു സത്യം. അദ്ദേഹം സൂചിപ്പിക്കുന്ന പുസ്തകം മുഴുവനായി വായിക്കുന്ന ഒരാളും മഹ്ദി ദിവ്യബോധനം ലഭിക്കുന്ന ദൂതനാണ് എന്നൊരിക്കലും മനസ്സിലാക്കില്ല.

3) ആലിക്കോയ സാഹിബ് ഖാദിയാനികളുടെയും റശാദ് ഖലീഫയുടെയും നിർവചനങ്ങളും വ്യാഖ്യാനങ്ങളും ഉദ്ധരിച്ചു റശാദ് ഖലീഫയുടെ അതെ വാദങ്ങളാണ് ഹാറൂൻ യഹ്‌യക്കെന്നും ഈ രണ്ടു കൂട്ടരെപ്പോലെ ഹാറൂൻ യഹ്‌യയും പിഴച്ച വ്യക്തിയാണെന്ന് വരുത്താൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഹാറൂൻ യഹ്‌യ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസം ഉള്ള വ്യക്തിയാണ്. മുഹമ്മദ് നബി(സ) അവസാനത്തെ നബിയും റസൂലും ആണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിക്കുന്നുവെന്നും മേൽ ഉദ്ധരണികളിൽ നിന്ന് തന്നെ വ്യക്തമാണ്.

ഇസ്‌ലാമിന് വേണ്ടി മഹത്തായ സേവനങ്ങൾ ചെയ്യുന്ന ഹാറൂൻ യഹ്‌യയുടെ വർക്കുകൾ ആവശ്യമുള്ളവർ താഴെ നമ്പറിൽ ബന്ധപ്പെടുക. 9895801658

**ഹാദിഫ് വളാഞ്ചേരി**

■